**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കടകളും മാവേലി സ്റ്റോറുകളും വഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്താറുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഓരോ മാസവും വിതരണത്തിനു മുൻപ് എഫ്.സി.ഐയിൽ നിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജീയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17.12.2021ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും, എഫ്.സി.ഐ ജനറൽ മാനേജറും ചേർന്ന് ഒപ്പ് വച്ച സ്റ്റാൻ്റേർഡ ഓപ്പറേറ്റിംഗ് പ്രോസീജറിൽ ഗുണനിലവാരവും, അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.<br><br>സി.എം.ആർ അരിയുടെ ഗുണനിലവാരം വിവി ഘട്ടങ്ങളിലായി 3 തവണ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. സി.എം.ആറിന്റെ ഗുണനിലവാരം സംബന്ധിച്ച് തർക്കം ഉണ്ടാകു അവസരങ്ങളിൽ സാമ്പിൾ ശേഖരിച്ച് ലാബുകളിൽ പരിശോധിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മാറ്റി നൽകേണ്ട സന്ദർഭങ്ങളിൽ അപ്രകാരം ചെയ്യുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേ<br>സാധനങ്ങളെല്ലാം ഗുണനിലവാരം<br>പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള<br>ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച്<br>സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള നിലവാരം<br>ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ്<br>സ്വീകരിക്കുന്നത്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന<br>വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും<br>വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള<br>അടിയന്തിര നടപടികൾ<br>സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ<br>Barring from Supply, Penalty അടക്കമുള്ള<br>കർശന നടപടികളും സ്വീകരിച്ചു വരുന്നു.<br>ഡിപ്പോകളിൽ കാലാകാലങ്ങളിൽ<br>ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/<br>സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങ<br>ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ<br>ശക്തിപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ<br>സ്വീകരിച്ചുവരുന്നു. |
| (ബി) | സിവിൽസപ്ലൈസ് വഴി വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ? | (ബി) | സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി എഫ്.സി.ഐയിൽ നിന്നും വിട്ടെടുക്കുമ്പോൾ സപ്ലൈകോയുടെ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ(QA)യും എഫ്.സി.ഐയുടെ ക്വാളിറ്റി കൺട്രോൾ ഓഫീസറും കൂട്ടായി പരിശോധിക്കുകയും ഗുണനിലവാരമുള്ള ലോട്ടുകൾ മാർക്ക് ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം വിട്ടെടുക്കുന്ന അരി സപ്ലൈകോ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ (QA) പരിശോധന നടത്തി സപ്ലൈകോ ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്തുവരുന്നു. ഗോഡൗണുകളിൽ കീട നിയന്ത്രണത്തിനുവേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന എല്ലാ ഭക്ഷ്യ ഉല്പന്നങ്ങളും കർശന ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമെന്ന് ഉറപ്പ് വരുത്തിയാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ